LIBRARY ARCHIVES Kerala Legislative Assembly

ആലത്തൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

10(5457) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് ആലത്തൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം ഏതെല്ലാം പട്ടികജാതി കോളനികളിലാണ് വികസന പദ്ധതികൾ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

അഴീക്കോട് നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ

11(5458) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളുണ്ടെന്ന് അറിയിക്കാമോ?

59 പട്ടികജാതി കോളനികളുണ്ട്. പട്ടികവർഗ്ഗ കോളനികൾ നിലവിലില്ല.

(ബി) ഓരോ കോളനിയിലും ഏതെല്ലാം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളാണ് ഉള്ളതെന്നും അവിടങ്ങളിൽ എത്ര കുടുംബങ്ങൾ വീതമുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

പട്ടികജാതി കോളനികളുടെ പുനരുദ്ധാരണം

12(5459) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഏതൊക്കെ ഇനം പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അംബേദ്കർ ഗ്രാമ വികസന പദ്ധതിപ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കും കോളനിയിലെ സാധ്യതകൾക്കും കോളനി നിവാസികളുടെ താല്പര്യങ്ങൾക്കും വിധേയമായി നടപ്പാക്കുന്നു.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/ വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവുവിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യനിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി) കോളനികൾക്കുള്ളിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി നടത്താവുന്ന കുടിവെള്ളവിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ കോർപ്പസ് ഫണ്ട് ഉപയോഗിച്ചു നടത്തിവരുന്നു.

(ബി) വീട് വാസയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

വീട് വാസയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഡി.എസ്.ആർ. പ്രകാരമാണോ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കാമോ?

അതെ.

(ഡി) ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി മാനദണ്ഡപ്രകാരം കോളനിക്കുള്ളിൽ വൈദ്യുതീകരണം, വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം, സോളാർ തെരുവുവിളക്ക് എന്നീ പ്രവൃത്തികൾക്ക് അനുമതി നൽകിവരുന്നു. കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള വൈദ്യുതി വിതരണത്തിനായി പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴിവിളക്കുകൾ എന്നിവയ്ക്കും അനുമതി നൽകുന്നു.

(ഇ) പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ആലോചിച്ചുവരുന്നു.

വണ്ടിത്തടം ശിവപുരം കോളനി

13(5460) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ വണ്ടിത്തടം ശിവപുരം കോളനിയിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കോവളം നിയോജകമണ്ഡലത്തിലെ വണ്ടിത്തടം ശിവപുരം കോളനിയിൽ 25 വീടുകളുടെ മെയിന്റനൻസ്, ഹൈമാസ്റ്റ് ലൈറ്റ്, 80 മീറ്റർ റോഡ് കോൺക്രീറ്റിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കോളനിയിലെ അപകടകരമായി

LIBRARY ARCHIVES Kerala Legislative Assembly